കൃത്യമായ അളവിലും തൂക്കത്തിലും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ജില്ലാ സപ്ലൈ ഓഫീസർമാരുടെ യാത്രാ വിവരണ പുസ്തകം പരിശോധിച്ച് ഉറപ്പു വരുത്തുകയും പ്രതിമാസ യോഗങ്ങളിൽ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

കേന്ദ്ര സർക്കാർ അനുവദിക്കുന്ന അരിയുടെ വിനിയോഗം

43 (1838) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമ്മാ :

(എ) വരൾച്ചബാധിത സംസ്ഥാനം എന്ന നിലയ്ക്ക് കേന്ദ്ര സർക്കാർ കേരളത്തിന് എത്ര ടൺ അരി നൽകുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ആവശ്യമായ അരി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ടൺ അരി ലഭ്യമാക്കിയിട്ടുണ്ട് ;

(സി) ഇപ്രകാരം ലഭിച്ചിട്ടുള്ള അരി വരൾച്ചബാധിത പ്രദേശങ്ങൾ, പട്ടിണിമരണ കേന്ദ്രങ്ങൾ, ആദിവാസി മേഖലകൾ എന്നിവിടങ്ങളിൽ സൗജന്യമായാണോ വിതരണം ചെയ്തത് ; എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) സൗജന്യറേഷൻ ഏതെല്ലാം കേന്ദ്രങ്ങളിൽ അനുവദിക്കുന്നുണ്ടെന്നും എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) മാറാട് കൂട്ടക്കൊലയുമായി ബന്ധപ്പെട്ട് ദുരിതമനുഭവിക്കുന്നവർക്കും വീടു വിട്ടുപോകേണ്ടി വന്നവർക്കും സൗജന്യറേഷൻ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ&ബി) സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന (എസ്. ജി. ആർ. വൈ) സ്പെഷ്യൽ കമ്പോണന്റ് സ്കീം അനുസരിച്ച് സംസ്ഥാനത്ത് വരൾച്ച ബാധിത ജില്ലകളിൽ അധിക വേതന തൊഴിൽ സൃഷ്ടിക്കുന്നതിനായി കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം സംസ്ഥാനത്തിന് മൂന്നു ഗഡുക്കളായി മൊത്തം 77000 മെട്രിക് ടൺ അരി അനുവദിച്ചിട്ടുണ്ട്.

(സി&ഡി) എസ്.ജി.ആർ.വൈ സ്പെഷ്യൽ കമ്പോണന്റ് സ്കീം അനുസരിച്ച് സംസ്ഥാനത്തെ പതിനാല് ജില്ലകളിലെ വരൾച്ചബാധിത പ്രദേശങ്ങളിലെ ഗ്രാമീണർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ജോലിക്ക് കൂലി ഭക്ഷണം എന്ന സ്കീം നടപ്പിലാക്കുന്നതിനാണ് മേൽപ്പറഞ്ഞ ഭക്ഷ്യധാന്യം അനുവദിച്ചത്. ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ അധികവേതന തൊഴിൽ സൃഷ്ടിക്കുന്നതിനാണ് വിനിയോഗിക്കേണ്ടത്. ഈ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഭക്ഷ്യധാന്യങ്ങൾ സൗജന്യ റേഷനായി നൽകാൻ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മാറാട് 25-2-2003-ൽ ഉണ്ടായ അനിഷ്ട സംഭവത്തെ തുടർന്ന് ദുരിതമനുഭവിക്കുന്നവർക്ക് മൂന്ന് ആഴ്ചത്തേക്ക് സൗജന്യറേഷൻ (അരി വിഹിതം മാത്രം) അനുവദിച്ചിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങിയ നിത്യോപയോഗ സാധനങ്ങൾ

44 (1839) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എത്ര കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങൾ വാങ്ങിയിട്ടുണ്ട് ; ഓരോ സാധനവും എത്ര ടൺ വീതം വാങ്ങിയെന്നും അവ ഓരോന്നിനും എന്ത് തുക ചെലവഴിച്ചെന്നും വെളിപ്പെടുത്തുമോ ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ലാഭം മാർക്കറ്റുകൾ എന്നിവിടങ്ങളിൽ സാധനങ്ങൾ വാങ്ങുന്നത് ടെണ്ടർ വിളിച്ചാണോ അതോ കോർപ്പറേഷൻ തന്നെ മറ്റു സ്റ്റോറ്റുകളിൽ നിന്ന് നേരിട്ട് വാങ്ങുകയാണോ എന്നതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(സി) കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ സിവിൽ സ്പ്ലൈസ് കോർപ്പറേഷന് സാധനങ്ങൾ നൽകിയിരുന്നത് ആരെല്ലാമാണ് ; അവർ ഓരോ സാധനങ്ങളും നൽകിയത് ടണ്ണിന് എന്തു വിലവച്ചായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) മത്സര ടെണ്ടറുകളുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ നൽകിയതെങ്കിൽ ഓരോരുത്തരും എന്തു വിലവച്ചാണ് വിവിധ നിത്യോപയോഗ സാധനങ്ങൾ നൽകാൻ തയ്യാറായതെന്നും അതിൽ ആർക്കാണ് സാധനങ്ങൾക്ക് ഓർഡർ നൽകിയതെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2001-2002 വർഷത്തിൽ 103.48 കോടി രൂപയുടെയും 2002-2003 വർഷത്തിൽ 109.89 കോടി രൂപയുടെയും നിത്യോപയോഗ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശം അനുബന്ധം (എ) യിൽ ചേർത്തിട്ടുണ്ട്.*

(ബി) ടെണ്ടർ പ്രകാരമാണ് പലവ്യഞ്ജനങ്ങൾ വാങ്ങുന്നത്.

(സി) ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (ബി)യിൽ ചേർത്തിട്ടുണ്ട്.*

(ഡി) വിവരം ശേഖരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly